57793/ജെ1/96/ആ.കു.വ. അനുസരിച്ച് സെൻട്രൽ പർച്ചേസ് കമ്മിറ്റിക്ക് പുതിയ മരുന്നുകൾ ഉൾപ്പെടുത്തുവാൻ അധികാരം നൽകിയിട്ടുണ്ട്.

(ഇ) ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ, ധനകാര്യ വകുപ്പ്, സ്റ്റോർ പർച്ചേസ് വകുപ്പ് എന്നിവയുടെ പ്രതിനിധികളും ആണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

പാർട്ട്-ടൈം കണ്ടിൻജന്റ് ജീവനക്കാരുടെ ഒഴിവുകൾ

171 (882)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് പാർട്ട്-ടൈം കണ്ടിൻജന്റ് ജീവനക്കാരുടെ തസ്തികകളിൽ നിയമനത്തിനുവേണ്ടി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുവാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും നിയമനത്തിനായി ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഏതെല്ലാം എക്സ്ചേഞ്ചുകളിൽ നിന്ന് ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) ജില്ലയിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുമുള്ള അപേക്ഷകരെ നിയമനത്തിനായി പരിഗണിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് നിലവിലുള്ള നിയമത്തിലെയും ഉത്തരവുകളിലെയും വ്യവസ്ഥകളനുസരിച്ചാണ് നിയമനം നടത്തുന്നത്.

(സി)&(ഡി) നിയമനത്തിന് വേണ്ട യോഗ്യതയുള്ളവരുടെ പാനൽ അയച്ചുതരുവാൻ കോഴിക്കോട് ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോട് ആവശ്യപ്പെടുകയും ലിസ്റ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) കോഴിക്കോട് ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടാണ് പാനൽ അയച്ചുതരുവാൻ ആവശ്യപ്പെടാറുള്ളത്. അവർ ജില്ലയിലെ മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ പേര് അയച്ചു തരാറുണ്ട്.

എൻ.എഫ്.സി.പി. യിൽ ജോലി ചെയ്യുന്ന ഫീൽഡ് വർക്കേഴ്സ്

173(884)ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ആരോഗ്യ വകുപ്പിൽ എൻ.എഫ്.സി.പി.യിൽ ജോലി ചെയ്യുന്ന ഫീൽഡ് വർക്കേഴ്സിന് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത സ്പെഷ്യൽ റൂൾസിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) എറണാകുളം ജില്ലയിലെ എൻ.എഫ്.സി.പി.യിലെ ഫീൽഡ് വർക്കേഴ്സിന്റെ പ്രൊമോഷൻ ലിസ്റ്റ് എന്നാണ് അവസാനമായി പ്രസിദ്ധീകരിച്ചത്; പ്രസ്തുത ലിസ്റ്റിൽ എന്നുവരെ സർവ്വീസിൽ പ്രവേശിച്ചവരെയാണ് ഇൻസെക്ട് കളക്ടേഴ്സ് ആയി പ്രമോട്ട് ചെയ്തിട്ടുള്ളത്; വിശദവിവരം നൽകുമോ;

(സി) രണ്ടു വർഷം വരെ സർവ്വീസുള്ള ഫീൽഡ് വർക്കേഴ്സിനെ ഇൻസെക്ട് കളക്ടേഴ്സ് ആയി പ്രമോട്ട് ചെയ്യുന്നതിൽ കാലതാമസം വന്നാൽ എന്താണ് കാരണം; വിശദവിവരം നൽകുമോ?

ഉത്തരം

(എ) സ്പെഷ്യൽ റൂൾസ് നിലവിലില്ല.

(ബി) ഇൻസെക്ട് കളക്ടേഴ്സായി പ്രൊമോഷനർഹതയുള്ള രണ്ട് പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ പ്രൊമോഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചില്ല. അർഹരായ രണ്ട്പേർക്കും 15.6.'98-ൽ ഇൻസെക്ട് കളക്ടേഴ്സായി പ്രൊമോഷൻ നൽകുകയുണ്ടായി.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പെൻഷൻ ആനുകൂല്യം

174 (885)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ നടുവിൽ പ്രൈമറി ഹെൽത്ത് സെന്ററിൽ ജെ.പി.എച്ച്.എൻ. ആയി ജോലി ചെയ്തിരുന്ന ശ്രീമതി പി.കെ. ശാരദ സർവ്വീസിൽ നിന്നും വിരിമിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(ബി) ഇവർക്ക് പെൻഷൻ, സർവ്വീസ് ആനുകൂല്യങ്ങൾ എന്നിവ അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് പെൻഷനും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 25.11.1994-ൽ ഇൻവാലിഡ് പെൻഷനിൽ പിരിയുവാൻ ശ്രീമതി ശാരദയെ അനുവദിച്ചിരുന്നതായി കണ്ണൂർ ഡി.എം.ഒ. അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ശ്രീമതി പി.കെ. ശാരദ 14.2.86 മുതൽ 24.11.94 വരെയുള്ള കാലയളവിൽ 14.2.86 മുതൽ 180 ദിവസത്തേക്ക് ആർജിത അവധിക്കും 13.8.86 മുതൽ 380 ദിവസത്തേക്ക് അർദ്ധവേതനാവധിക്കും 28.8.87 മുതൽ 24.12.94 വരെ 7 വർഷവും 89 ദിവസത്തേക്കും ശൂന്യവേതനാവധിക്കും അപേക്ഷ നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly